**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1396

31.10.2019- ൽ മറുപടിയ്ക്ക്

## മാവിലാക്കടപ്പുറം ഫിഷർമെന്റ് കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപ്പറമ്പ് ദ്വീപ് പഞ്ചായത്തിൽപ്പെട്ട മാവിലാക്കടപ്പുറം ഫിഷർമെൻ കോളനിയിൽ വർഷങ്ങളായി ജീവിച്ച് വരുന്ന കുടുംബങ്ങൾക്ക് എപ്പോൾ പട്ടയം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപ്പറമ്പ വില്ലേജിലെ ഒരിയര മാവിലാക്കടപ്പുറത്ത് രണ്ടേക്കർ 52 സെന്റ് സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. മാവിലാക്കടപ്പുറം ഫിഷർമെൻ കോളനിയിൽ താമസിച്ച വരുന്ന ഫിഷറീസ് വകുപ്പ് ശുപാർശ ചെയ്ത 10 കുടുംബങ്ങൾക്ക് ഇതിനകം പട്ടയം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കോളനിയിൽ താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും അപേക്ഷയും ടി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള ശുപാർശയും എൻ.ഒ.സിയും ഫിഷറീസ് വകുപ്പിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ